"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - ട്രിഡയുടെ ഉടമസ്ഥതയിൽ അട്ടക്കുളങ്ങരയിലുള്ള സൗഭാഗ്യ ബിൽഡിംഗ് വാടകയ്ക്ക് ലഭ്യമാക്കുന്നത് - പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിന് ടെക്നിക്കൽ & ഫിനാൻഷ്യൽ കമ്മിറ്റി രൂപീകരിച്ചും, നോഡൽ ഏജൻസിയായി ശുചിത്വ മിഷനെ നിയമിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2588/2025/LSGD തീയതി,തിരുവനന്തപുരം, 27-10-2025

പരാമർശം:-
1. 18/09/2025-ന് തദ്ദേശ സ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.
2. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.10.2025-ലെ 94-P1-2024-IKM നമ്പർ കത്ത്

**ഉത്തരവ്**

ട്രിഡയുടെ ഉടമസ്ഥതയിൽ തിരുവനന്തപുരം അട്ടക്കുളങ്ങരയിലുള്ള സൗഭാഗ്യ ബിൽഡിംഗ് ശുചിത്വ മിഷൻ, ഇൻഫോർമേഷൻ കേരള മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവ ഒരുമിച്ച് വാടകയ്ക്കെടുത്ത് കോംപ്ലക്സ് ആയി പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 18.09.2025-ന് ചേർന്ന യോഗ തീരുമാന പ്രകാരം ബന്ധപ്പെട്ട പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിന് ചുവടെ പറയുന്ന ഘടനയിൽ ടെക്നിക്കൽ & ഫിനാൻഷ്യൽ കമ്മിറ്റി രൂപീകരിച്ചും, ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഏകോപനത്തിന് നോഡൽ ഓഫീസറായി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

**ടെക്നിക്കൽ & ഫിനാൻഷ്യൽ കമ്മിറ്റി**

- ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് - ചെയർമാൻ
- ചീഫ് എഞ്ചിനീയർ, ട്രിഡ - മെമ്പർ
- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശുചിത്വമിഷൻ - മെമ്പർ
- ക്ലീൻ കേരള കമ്പനിയുടെ പ്രതിനിധി - മെമ്പർ
- പർച്ചേയ്സ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ - മെമ്പർ
- ഫിനാൻസ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ - മെമ്പർ
- ഡയറക്ടർ ഓഫ് ഓപ്പറേഷൻസ്, ശുചിത്വമിഷൻ - മെമ്പർ

2. ബന്ധപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളുടെ സൂക്ഷ്മപരിശോധന, പ്രവൃത്തികളുടെ നടത്തിപ്പിനായി തിരഞ്ഞെടുക്കുന്ന ഏജൻസിയുമായുള്ള ഏകോപനം എന്നിവയിൽ മേൽ കമ്മറ്റിക്കാവശ്യമായ സഹായ സഹകരണങ്ങൾ ട്രിഡയിലെ എഞ്ചിനീയറിംഗ് വിഭാഗം ലഭ്യമാകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

സെക്രട്ടറി, ടിഡ

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/215/2019-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Alex G C

സെക്ഷൻ ഓഫീസർ

Date: 28-10-2025 10:37:38